**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2868** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി ജോയി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന് ലോക സഹകരണ മോണിറ്റർ പ്രകാരം ലോകത്തെ ഏറ്റവും മികച്ച സഹകരണ സ്ഥാപനങ്ങളുടെ പട്ടികയിൽ ഇടം പിടിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | അന്തർ ദേശീയ സഹകരണ സഖ്യത്തിന്റെ ആഭിമുഖ്യത്തിലുള്ള ലോക സഹകരണ മോണിറ്റർ റിപ്പോർട്ട് പ്രകാരം ധനകാര്യ സേവന മേഖലയിൽ ഏഷ്യയിൽ ഒന്നാംസ്ഥാനവും ലോകത്ത് 8-ാം സ്ഥാനവും കേരള ബാങ്കിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | കേരള ബാങ്കിന്റെ നടപ്പ സാമ്പത്തിക വർഷത്തെ ആകെ ബിസിനസിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | 2021-22 വർഷത്തിൽ ആകെ ബിസിനസ്സ് 1,18,057 കോടി രൂപയായിരുന്നത് 2022-23 ൽ 1,21,207 കോടി രൂപയായി വർദ്ധിച്ചു. (12.01.2023 ൽ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ലയിച്ചത് ഉൾപ്പെടെ) |
| (സി) | കേരള ബാങ്കിന്റെ വികസനവുമായി ബന്ധപ്പെട്ട മിഷൻ റയിൻബോ പദ്ധതിയുടെ വിശദാംശം നൽകുമോ? | (സി) | കേരള ബാങ്കിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും **NPA** കുറയ്ക്കുന്നതിനുമുള്ള അതിതീവ്രയജ്ഞമാണ് മിഷൻ റയിൻബോ എന്ന പദ്ധതി.<br><br>**Nothing is impossible** എന്ന **Tag line** നോടു കൂടി 2023 നവംബർ 1 മുതൽ 2024 ഫെബ്രുവരി 8 വരെ നീണ്ടുനിൽക്കുന്ന 100 ദിവസ കാലയളവിലേയ്ക്കാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>കേരള ബാങ്കിൻറെ വികസനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന 7 ലക്ഷ്യങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനാണ് ഈ കാലയളവിൽ പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| **R** | Rigorous Recovery Campaign | തീവ്ര കുടിശ്ശിക നിവാരണം |
| **O** | Optimising SMA Management | മികവുററ SMA Management |
| **Y** | Youthful Digital Banking Campaign | ഊർജ്ജസ്വലമായ ഡിജിറ്റൽ ബാങ്കിംഗ് ക്യാമ്പയിൻ |
| **G** | Grand CASA | മഹാ CASA ക്യാമ്പയിൻ |

| | | |
|---|---|---|
| | Campaign | |
| **B** | Brisk Credit Disposal Campaign | അതിവേഗ വായ്പാ വിതരണ ക്യാമ്പയിൻ |
| **I** | Intensive Gold loan Campaign | ഊർജ്ജിത Gold loan Campaign |
| **V** | Versatile Integration of PACS/UCBs | PACS/UCB – കളുമായി ബഹുതല സംയോജനം |

ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലും പ്രത്യേകിച്ച് യുവജനങ്ങളിലേയ്ക്കും കൂടി ലഭ്യമാക്കുകയാണെങ്കിൽ വാണിജ്യ ബാങ്കുകളോടൊപ്പം നിന്ന് എല്ലാ ആധുനിക ബാങ്കിംഗ് ബിസിനസ്സും നടത്താൻ കഴിയുന്ന തരത്തിൽ സഹകരണ മേഖലയുടെ അഭിമാനമായി ബാങ്കിന് ഉയരാൻ സാധിക്കും. മിഷൻ റയിൻബോ കർമ്മ പദ്ധതി വഴി മേൽ പറഞ്ഞ 7 ലക്ഷ്യങ്ങൾ കൈവരിച്ചാൽ കേരളത്തിലെ ഒന്നാമത്തെ ബാങ്കായി കേരള ബാങ്കിന് പ്രവർത്തിക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ